കാർഷിക സുസ്ഥിരതയും സ്റ്റാർട്ടപ്പുകളും: പരിശീലന പരിപാടി ആരംഭിച്ചു

തൃശൂർ: കാർഷിക മേഖലയിൽ സുസ്ഥിരത കൈവരിക്കുന്നതിൽ അഗ്രി സ്റ്റാർട്ടപ്പുകളേയും നൂതന കൃഷി ആശയങ്ങളേയും പരിപോഷിപ്പിക്കണമെന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി ഡയറക്ടർ ഡോ. സി. അനന്ത രാമൻ. ആർ.കെ.വി.വൈ. റാഫ്ത്താർ അഗ്രി ബിസിനസ് ഇൻക്യുബേറ്റർ പദ്ധതിയുടെ ഭാഗമായി കേരള കാർഷിക സർവകലാശാല സംഘടിപ്പിക്കുന്ന ഒരു മാസത്തെ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നൂതന ആശയങ്ങളിൽനിന്നാണ് സർഗാത്മകമായ കണ്ടുപിടിത്തങ്ങൾ ഉടലെടുക്കുന്നതെന്നും അത്തരത്തിൽ ഉയർന്നുവരുന്ന പുതിയ ഉത്പന്നങ്ങളും സാങ്കേതിക വിദ്യകളും നിലവിലുള്ളതിനേക്കാൾ മേൻമ പുലർത്തുന്നവ ആയിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. മുന്നൂറോളം അപേക്ഷകരിൽ നിന്നും ആശയങ്ങളുടെ നൂതനതയും പ്രായോഗികതയും മുൻനിർത്തി തെരഞ്ഞെടുക്കപ്പെട്ട 37 അഗ്രിസ്റ്റാർട്ടപ്പുകൾക്കാണ് ഈ വർഷത്തിൽ പദ്ധതിയിലൂടെ പരിശീലനം നൽകുന്നതെന്ന് അധ്യക്ഷ പ്രസംഗത്തിൽ കേരള കാർഷിക സർവകലാശാല വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. ജേക്കബ് ജോൺ പറഞ്ഞു. കേരള കാർഷിക സർവകലാശാല ജനറൽ കൗൺസിൽ അംഗം ഡോ. പി.കെ. സുരേഷ്കുമാർ പ്രസംഗിച്ചു. പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി 208 അഗ്രിസ്റ്റാർട്ടപ്പുകളെ ഇന്ത്യയിലും വിദേശത്തുമായി സംരംഭം ആശയങ്ങളെ സംരംഭങ്ങളാക്കി പരിപോഷിപ്പിക്കാൻ 10.97 കോടി രൂപയുടെ കേന്ദ്രസഹായം അനുവദിച്ചു കിട്ടിയെന്നും അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മേധാവി ഡോ. കെ.പി. സുധീർ വ്യക്തമാക്കി. ഇരുന്നൂറോളം വരുന്ന സംരംഭകത്വ വികസന പരിശീലന കളരികളിലൂടെ ഇൻക്യുബേറ്റർ ഇതുവരെ വാർത്തെടുത്തത് അയ്യായിരത്തോളം സംരംഭകരെയാണ്. അഗ്രി ബിസിനസ് ഇൻക്യുബേറ്റർ ബിസിനസ് മാനേജർ അഭിഷേക് പ്രസംഗിച്ചു.

ജമ്മു കശ്മീരിലെ ലിഥിയം ഖനനം: രണ്ടാം ലേലവും പരാജയം

ന്യൂഡൽഹി: കഴിഞ്ഞ വർഷം ജമ്മു– കശ്മീരിൽ കണ്ടെത്തിയ ലിഥിയം ശേഖരത്തിന്റെ ഖനനാവകാശങ്ങൾ ലേലം ചെയ്യാനുള്ള രണ്ടാമത്തെ ശ്രമവും പരാജയം. ഖനനത്തിന് ആരും എത്തിയില്ലെന്നാണു കേന്ദ്ര സർക്കാർ വൃത്തങ്ങൾ നൽകുന്ന സൂചന.

2023 ഫെബ്രുവരിയിലാണു ജമ്മു കശ്മീരിൽ ലിഥിയം നിക്ഷേപം കണ്ടെത്തിയത്. ആകെ 59 ലക്ഷം മെട്രിക് ടൺ ലിഥിയം ഉണ്ടാകുമെന്നാണു സൂചന.നവംബറിൽ നടന്ന ആദ്യ ലേലവും പരാജയമായിരുന്നു. മേയ് 14 സമയപരിധിയോടെ മാർച്ചിൽ വീണ്ടും ലേലത്തിന് വച്ചു. ലേല നടപടി വിജയിക്കാത്തതിനാൽ കൂടുതൽ പര്യവേക്ഷണത്തിനായി സർക്കാർ ഏജൻസികൾക്ക് മേഖല നൽകാൻ നീക്കമുണ്ട്. ബാറ്ററികൾ നിർമാണത്തിൽ പ്രധാനമാണു ലിഥിയം ശേഖരം. ലിഥിയം ഇറക്കുമതി കുറച്ചുകൊണ്ടു വരിക സർക്കാരിന്റെയും താൽപര്യമാണ്. ലിഥിയം, നിക്കൽ, ടൈറ്റാനിയം, വനേഡിയം, ടങ്സ്റ്റൺ എന്നിവയുൾപ്പെടെ 30 ധാതുക്കൾ ശുദ്ധമായ ഊർജത്തിനായുള്ള അന്വേഷണത്തിന് നിർണായകമാണെന്ന് കഴിഞ്ഞ വർഷം കേന്ദ്ര സർക്കാർ വ്യക്തമാക്കിയിരുന്നു.

● വിസാറ്റ് ആർട്സ് ആൻഡ് സയൻസ് കോളജിൽ നടത്തിയ ഏകദിന പരിശീലന ക്യാമ്പ് എറണാകുളം പോലീസ് അസിസ്റ്റന്റ് കമ്മിഷണർ പി. രാജ് കുമാർ ഉദ്ഘാടനം ചെയ്യുന്നു.

■ കേരള സോളാർ എനർജി ബങ്ക് പ്രവർത്തനമാരംഭിച്ചു

സൗരോർജ മേഖലയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും

തൃശൂർ: സൗരോർജ മേഖലയിലെ സോളാർ ഇൻസ്റ്റാലേഷനും അനുബന്ധ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനായി കേരള സോളാർ എനർജി ബങ്ക് സ്ഥാപിതമായി. തൃശൂരിൽ എം.എസ്.എം.ഇയുടെ ഡെവലപ്മെന്റ് ആൻഡ് ഫെസിലിറ്റേഷൻ ഓഫീസിൽ സംഘടിപ്പിച്ച പ്രവർത്തനോദ്ഘാടനം ജോയിന്റ് ഡയറക്ടർ ജി.എസ്. പ്രകാശ് നിർവഹിച്ചു. കേന്ദ്ര സർക്കാരിന്റെ സൂക്ഷ്മ- ചെറുകിട ഇടത്തരം സംരംഭക വകുപ്പും ഇസാഫ് ഫൗണ്ടേഷനും ചേർന്ന് സംഘടിപ്പിച്ച ഊർജബന്ധു- സൗരോർജ പരിശീലന കോഴ്സ് വിജയകരമായി പൂർത്തീകരിച്ച പതിനേഴോളം ടെക്നീഷ്യന്മാർ ചേർന്നാണ് സ്ഥാപനം ആരംഭിച്ചത്.

ഇസാഫ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മെറീന പോൾ സ്ഥാപനത്തിന്റെ ലോഗോ പുറത്തിറക്കി. പി.ബി. സുരേഷ് ബാബു, ജോൺ പി. ഇഞ്ചക്കലോടി, ഡി. കണ്ണൻ, എം. കൃഷ്ണകുമാർ, എൻ.ജി. സന്തോഷ്, പി.പി. ആന്റണി എന്നിവർ പ്രസംഗിച്ചു. കൂടുതൽ സോളാർ ഇൻസ്റ്റാൾ ചെയ്തതിനുള്ള അവാർഡ് സംരംഭക പി.കെ. നസ്‌ലയ്ക്ക് ലഭിച്ചു.

■ ചാർട്ടേഡ് അക്കൗണ്ടന്റ്സ് ദിനാഘോഷത്തിന്റെ ഭാഗമായി നടത്തിയ വാക്കത്തോൺ കേരളാ പോലീസ് അക്കാദമി അസി. അഡ്മിനിസ്ട്രേഷൻ ഡയറക്ടറും എസ്.പിയുമായ ഐശ്വര്യ ഡോംഗ്രേ ഫ്ളാഗ് ഓഫ് ചെയ്യുന്നു.

ഡോ. എ.പി.ജെ. അബ്ദുൾ കലാം ബിസിനസ് എക്സലൻസ് അവാർഡ് സീഗൾ ഇന്റർനാഷണലിന്

തിരുവനന്തപുരം: മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ആഗോള ഹ്യൂമൻ റിസോഴ്സ് കൺസൾട്ടൻസിയായ സീഗൾ ഇന്റർനാഷണലിന് പ്രശസ്തമായ ഡോ:എ.പി.ജെ. അബ്ദുൾ കലാം ബിസിനസ് എക്സലൻസ് അവാർഡ്. ഡോ. എ.പി.ജെ. അബ്ദുൾ കലാം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിസിനസ് മാനേജ്മെന്റ് ആൻഡ് സ്കിൽ ഡെവലപ്മെന്റാണ് മികച്ച ടാലന്റ് അക്വിസിഷൻ ആൻഡ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് കമ്പനിക്കുള്ള അവാർഡ് നൽകിയത്. കേരള സർവകലാശാല സെനറ്റ് ചേംബറിൽ കേരള ഇന്റർനാഷണൽ കോൺഫറൻസിൽ സംഘടിപ്പിച്ച ചടങ്ങിലാണ് അവാർഡ് നൽകിയത്.

■ സീഗൾ ഇന്റർനാഷണൽ ഗ്രൂപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. സുരേഷ് കുമാർ മധുസൂദനൻ കേരള അഡ്വക്കേറ്റ് ജനറൽ കെ.പി. ജയചന്ദ്രനിൽനിന്ന് ഡോ. എ.പി.ജെ. അബ്ദുൾ കലാം ബിസിനസ് എക്സലൻസ് അവാർഡ് ഏറ്റുവാങ്ങുന്നു.

സീഗൾ ഇന്റർനാഷണൽ ഗ്രൂപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. സുരേഷ് കുമാർ മധുസൂദനൻ കേരള അഡ്വക്കേറ്റ് ജനറൽ കെ.പി. ജയചന്ദ്രനിൽനിന്ന് അവാർഡ് ഏറ്റുവാങ്ങി. കേരള നിയമസഭ സെക്രട്ടറി പ്രഫ. (ഡോ.) എൻ. കൃഷ്ണകുമാർ, യു.കെയിലെ സ്റ്റാഫോർഡ്ഷയർ യൂണിവേഴ്സിറ്റി ഡയറക്ടർ പ്രഫ. (ഡോ.) സാമന്ത സ്പെൻസ്, കേരള കേന്ദ്ര സർവകലാശാലയിലെ നിയമവിഭാഗം മേധാവി ഡോ. എൻ. ഗിരീഷ് കുമാർ, സ്പെയിനിലെ ജീൻ സർവകലാശാലയിലെ പ്രഫ. ഡോ. റാബിയ എം. റാബെറ്റ് ടെംസമാനി, ഹിമാലയൻ യൂണിവേഴ്സിറ്റി പ്രോ വൈസ് ചാൻസലർ ഡോ. പ്രകാശ് ദിവാകരൻ, ഡോ. എ.പി.ജെ. അബ്ദുൾ കലാം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിസിനസ് മാനേജ്മെന്റ് ആൻഡ് സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. വില്ലറ്റ് കൊറേയ, മാരിടൈം ബിസിനസ് ബുള്ളറ്റിൻ ചീഫ് എഡിറ്റർ നാണു വിശ്വനാഥൻ, നാസിക്കിലെ ആർ.എൻ.സി. ആർട്സ്, കൊമേഴ്സ് ആൻഡ് സയൻസ് കോളജിലെ പ്രഫ. ഡോ. സുരേഷ് ഘോദ്രാവോ ഉൾപ്പെടെ നിരവധി പ്രമുഖർ അവാർഡ്ദാന ചടങ്ങിൽ പങ്കെടുത്തു. നാല് പതിറ്റാണ്ടിലേറെ അനുഭവസമ്പത്തുള്ള സീഗൾ ഇന്റർനാഷണൽ, ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട ഹ്യൂമൻ റിസോഴ്സ് കൺസൾട്ടൻസിയാണ്. പത്ത് രാജ്യങ്ങളിലായി പതിനഞ്ച് ശാഖകളുള്ള കമ്പനിക്ക് ഇന്ത്യൻ ഗവൺമെന്റിന്റെ അംഗീകാരമുണ്ട്. സീഗൾ ഇന്റർനാഷണൽ ഇന്ത്യയിലും മിഡിൽ ഈസ്റ്റിലും യൂറോപ്യൻ രാജ്യങ്ങളിലും നിരവധി വ്യക്തികൾക്ക് തൊഴിലവസരങ്ങൾ നൽകിവരുന്നു.

ചാർട്ടേഡ് അക്കൗണ്ടന്റ്സ് ദിനം ആഘോഷിച്ചു

തൃശൂർ: ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ട്സ് ഓഫ് ഇന്ത്യയുടെ 76-ാം വാർഷികം സി.എ. ദിനമായ ജൂലൈ ഒന്നിന് തൃശൂർ ബ്രാഞ്ചിൽ ആഘോഷിച്ചു. രാവിലെ വിദ്യാർഥി കോർണറിൽനിന്നും ആരംഭിച്ച വാക്കത്തോൺ കേരളാ പോലീസ് അക്കാദമി അസി. അഡ്മിനിസ്ട്രേഷൻ ഡയറക്ടറും എസ്.പിയുമായ ഐശ്വര്യ ഡോംഗ്രേ ഫ്ളാഗ് ഓഫ് ചെയ്തു. ചിയ്യാരത്തുള്ള ഐ.സി.എ.ഐ. അങ്കണത്തിൽ തൃശൂർ ബ്രാഞ്ച് ചെയർമാൻ സി.എ. അനൂപ് വി. ഫ്രാൻസിസ് പതാക ഉയർത്തി. ദിനാഘോഷങ്ങളുടെ ഭാഗമായി ഐ.എം.എയുടെ സഹകരണത്തോടെ രക്തദാനവും വൃക്ഷതൈ വിതരണവും നടത്തി. വൈകിട്ട് സംഘടിപ്പിച്ച കുടുംബ സംഗമത്തിൽ സിനിമാതാരം അപർണാ ബാലമുരളി മുഖ്യാതിഥിയായിരുന്നു. 25, 50 വർഷങ്ങൾ പൂർത്തിയാക്കിയ ചാർട്ടേർഡ് അക്കൗണ്ടന്റുമാരെ ആദരിച്ചു. കായിക മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. വിവിധ കലാപരിപാടികളോടെ സമാപിച്ച സംഗമത്തിൽ തൃശൂർ ബ്രാഞ്ച് സെക്രട്ടറി സി.എ. ദിവ്യ ധർമരാജൻ നന്ദി പറഞ്ഞു.

അസാപ് ജോബ് ഫെയർ 6ന്

തൃശൂർ: അസാപ് കേരള, കേരള നോളജ് ഇക്കണോമി മിഷൻ, കുടുംബശ്രീ മിഷൻ, ഡി.ഡി.യു.ജി.കെ.വൈ. എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ജോബ് ഫെയർ 2024 സംഘടിപ്പിക്കുന്നു. ആറിന് രാവിലെ 9.30 മുതൽ കുന്നംകുളം അസാപ് കമ്യൂണിറ്റി സ്കിൽ പാർക്കിൽ ജോബ് ഫെയർ നടക്കും.

എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിപ്ലോമ, ഡിഗ്രി എന്നീ യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് ടെലികോളർ മുതൽ മാനേജർ വരെയുള്ള നൂറോളം ഒഴിവുകളിലേക്കുള്ള ഇന്റർവ്യൂവിൽ പങ്കെടുക്കാം. ജോബ് ഫെയറിൽ പങ്കെടുക്കുന്നവർ ഓൺലൈൻ ലിങ്കിലൂടെ രജിസ്ട്രേഷൻ നടത്തണം. വിശദവിവരങ്ങൾക്ക് ഫോൺ: 8089188155, 9857504464.

PARAMEDICAL ADMISSION

+2 പാസായവർക്ക് താഴെ പറയുന്ന ഡിഗ്രി കോഴ്സിലും SSLC പാസായവർക്ക് ഡിപ്ലോമാ കോഴ്സിലും പ്രവേശനം ലഭ്യമാണ്.

1. Medical Laboratory Technology
2. Radiography & Imaging Technology
3. Anaesthesia & OT Technology
4. Dialysis Technology
5. Cardio Vascular Technology

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. SC/ST വിഭാഗത്തിന് 25% ഫീസിളവ് ലഭിക്കുന്നതാണ്. എല്ലാ കോഴ്സിലും ഒരു വർഷത്തെ പ്രാക്ടിക്കൽ ട്രെയ്നിംഗ് ഉണ്ടായിരിക്കുന്നതാണ്.

Bharat Educational Trust & College of Allied Health Science, Andoor, Marangattupilly (Pala-Vaikom Route), Kottayam Dist., Mob:9447507858, 8921712807

ഇന്ത്യയുടെ എ.ഐ. മിഷനെ പിന്തുണയ്ക്കാൻ ഓപ്പൺ എ.ഐ.

ന്യൂഡൽഹി: ഇന്ത്യയുടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മിഷനു പിന്തുണയുമായി ചാറ്റ് ജി.പി.ടിയുടെ മാതൃകമ്പനിയായ ഓപ്പൺഎഐ.ഇതു സംബന്ധിച്ചു കേന്ദ്ര സർക്കാരുമായുള്ള സംഭാഷണം തുടരുമെന്നു ഓപ്പൺഎഐ വൈസ് പ്രസിഡന്റ് ശ്രീനിവാസ് നാരായണൻ അറിയിച്ചു. നിർണായക മേഖലകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആപ്ലിക്കേഷനുകൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ആപ്ലിക്കേഷൻ ഡെവലപ്മെന്റ് സംരംഭത്തിന്റെ ലക്ഷ്യം.

വിസാറ്റിൽ ഏകദിന പരിശീലന ക്യാമ്പ്

ഇലഞ്ഞി: വിസാറ്റ് ആർട്സ് ആൻഡ് സയൻസ് കോളജിൽ ഒന്നാം വർഷ യു.ജി. ഓണേഴ്സ് വിദ്യാർഥികൾക്കായി ഏകദിന ആമുഖ പരിശീലന ക്യാമ്പ് നടത്തി. വിസാറ്റ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ചെയർമാൻ രാജു കുര്യൻ അധ്യക്ഷത വഹിച്ചു. എറണാകുളം പോലീസ് അസിസ്റ്റന്റ് കമ്മിഷണർ പി. രാജ്കുമാർ ഉദ്ഘാടനം ചെയ്തു.

CHANGE OF NAME

I, SINI BIJOY, MAROKEY(H), MELOOR P.O, NADUTHURUTH, AS PER PASSPORT No:X3698085, Do HERE BY CHANGE MY NAME AS SINI SEBASTIAN

CHANGE OF NAME

I MUHAJIR ALI HOLDER OF PASSPORT NO J4058352 DO HERE BY CHANGE THE NAME AS MUHAJIR ALI KATTUPARAMBIL AKBAR ALI FOR THE PURPOSE OF PASSPORT .

അധ്യാപക ഒഴിവ്

കേരള വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള ഭിന്നശേഷി സംവരണ വിഭാഗത്തിൽ ഒഴിവുള്ള **യു.പി സ്ക്കൂൾ അസിസ്റ്റന്റ് അധ്യാപക തസ്തികയിലേക്ക്** (₹35600–₹75400) നിർദ്ദിഷ്ട യോഗ്യതയുള്ള കാഴ്ച പരിമിതർ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ ലഭിക്കേണ്ട അവസാന തീയ്യതി 15–07–2024.

മാനേജർ,
മറ്റക്കര ഹയർ സെക്കന്ററി സ്ക്കൂൾ,
മറ്റക്കര പിഒ, കോട്ടയം – 686564.
ഫോൺ: 8304076305.

നഷ്ടപ്പെട്ടു

തൃശ്ശൂർ ജില്ല ചാവക്കാട് താലൂക്ക് തൈക്കാട് വില്ലേജ് ദേശത്ത് പാണാരിക്കൽ ശ്രീധരൻ മകൻ സജിത്ത് എന്റെ അച്ചരൻ പാണാരിക്കൽ ശ്രീധരൻ എന്നവർക്ക് കോട്ടപ്പടി സ.റ.ആ ഫീസ് 1976ലെ 386–ാം നമ്പ്രാധാര പ്രകാരം സിദ്ധിച്ച തൈക്കാട് വില്ലേജ് പെരുമ്പുള്ളി ചാവക്കാട് ദേശത്ത് സർവ്വെ 13/1ൽപ്പെട്ട 15 സെന്റ് (6.07 ആർ) വഹകളെ സംബന്ധിച്ച് മേൽ നമ്പ്രാധാരം തിരിച്ചുകിട്ടാനാവാത്ത വിധം നഷ്ടപ്പെട്ടിട്ടുള്ളതാകുന്നു. ടി അസ്സൽ ആധാരം ആർക്കെങ്കിലും ലഭിക്കുകയാണെങ്കിൽ ഇന്നു മുതൽ 7 ദിവസത്തിനകം താഴെ കാണുന്ന വിലാസത്തിൽ അറിയിക്കുവാൻ താൽപ്പര്യപ്പെടുന്നു. അല്ലാത്തപക്ഷം ടി ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി വെച്ച് വഹകൾ ക്രയവിക്രയം ചെയ്യുന്നതാണെന്ന് അറിയിച്ചു കൊള്ളുന്നു.

എന്ന്, സജിത്ത്, S/o ശ്രീധരൻ, പാണാരിക്കൽ (H), തൈക്കാട്.പി.ഒ Pin–680104, Mob–9544965794

പാലക്കാട് മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രബ്യൂണൽ കോടതി മുമ്പാകെ

OPMV 1214/2022

Ajith.P.K –ഹരജി
VS–Cholamandalam M.S General Insurance Co.Ltd, 2nd Floor, City Arcade Complex, Guruvayur Road (Po), Poothole, Thrissur.
–3–ാം എതൃകക്ഷി

താങ്കൾ എതൃകക്ഷിയായിട്ടുള്ള മേൽനമ്പർ കേസ് 08.07.2024 ന് വിചാരണയ്ക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം കാലത്ത് 11 മണിക്ക് കോടതിയിൽ ഹാജരാവാത്ത പക്ഷം താങ്കളെ എക്സ്പാർട്ടിയാക്കി വിധി കൽപ്പിക്കുന്നതാണ്.

എന്ന്, 15.06.2024
അഭിലാഷ്.എൻ
അഡ്വക്കേറ്റ്, തേങ്കുറിശ്ശി പാലക്കാട്

നഷ്ടപ്പെട്ടു

ജിൻജോ എന്നയാൾ തന്റെ KL 08 AZ 5616 നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈമോശം വന്നതായി അറിയിക്കുകയും ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുകയും ചെയ്തിരിക്കുന്നു. ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ആർക്കെങ്കിലും ലഭിച്ചാലോ പരാതി വല്ലതും ഉണ്ടെങ്കിലോ ഈ പരസ്യതിയതി മുതൽ 7 ദിവസത്തിനകം തൃപ്രയാർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ജിൻജോ എന്നയാൾക്ക് നൽകുമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, (ഒപ്പ്) അഡീഷണൽ രജിസ്ട്രാർ അഞ്ചാമറ്റി

നഷ്ടപ്പെട്ടു

KL-09-Y-5351 നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു. ടി വാഹനത്തിന്റെ ഉടമ GANDHIMATHI, S/o. SHANMUGHAN, PAVODI PARAMBIL HOUSE, NEELIKKAD, THATHAMANGALAM PO, PALAKKAD എന്നയാൾ വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകുന്നതിൽ ആർക്കെങ്കിലും പരാതിയോ ആക്ഷേപമോ ഉള്ളപക്ഷം ആയത് പരസ്യ തിയതി മുതൽ 15 ദിവസങ്ങൾക്കുള്ളിൽ ഈ ഓഫീസിൽ ബോധിപ്പിക്കേണ്ടതാണ്.

എന്ന്, ജോയിന്റ് ആർ.ടി.ഒ, ചിറ്റൂർ

നഷ്ടപ്പെട്ടു

KL-49-K-7650 നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു. ടി വാഹനത്തിന്റെ ഉടമ RATHEESH. R, S/o. RAJAN, VADUKATHARA, THENKURUSSI, PALAKKAD. എന്നയാൾ വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകുന്നതിൽ ആർക്കെങ്കിലും പരാതിയോ ആക്ഷേപമോ ഉള്ളപക്ഷം ആയത് പരസ്യ തിയതി മുതൽ 15 ദിവസങ്ങൾക്കുള്ളിൽ ഈ ഓഫീസിൽ ബോധിപ്പിക്കേണ്ടതാണ്.

എന്ന്, ജോയിന്റ് ആർ.ടി.ഒ, ചിറ്റൂർ

അറിയിപ്പ്

കുന്നംകുളം താലൂക്ക് ആർത്താറ്റ് വില്ലേജ് ചെമ്മണ്ണൂർ ദേശത്ത് ആലിക്കൽ കേശവൻ ഭാര്യ രുഗ്മിണി എന്ന ഞാൻ എല്ലാവരുടെയും അറിവിലേക്കായി പരസ്യപ്പെടുത്തുന്നത്. എന്റെ വക ആർത്താറ്റ് വില്ലേജ് റീസർവ്വെ 199/4ൽപ്പെട്ട 21.30ആർ വഹകൾ ഞാൻ കൈമാറ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. എന്നാൽ ടി വഹകളുടെ അടിയാധാരങ്ങളായ കുന്നംകുളം,സ.റ.1997ലെ 558–ാം, 1996ലെ 2440–ാം നമ്പ്രധാരങ്ങളുടെ അസ്സൽ എന്റെ കയ്യിൽനിന്നും നഷ്ടപ്പെട്ടുപോയിരിക്കുന്നു. പ്രസ്തുത ആധാരങ്ങൾ ആർക്കെങ്കിലും കിട്ടിയിട്ടുണ്ടെങ്കിൽ 10 പത്ത് ദിവസത്തിനുള്ളിൽ തിരികെ തരുവാൻ താൽപര്യപ്പെടുന്നു. അല്ലാത്തപക്ഷം നഷ്ടപ്പെട്ട ആധാരങ്ങളുടെ സർട്ടിഫൈഡ് കോപ്പി എടുത്ത് ടി വഹകൾ കൈമാറ്റമോ ചെയ്യുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ, തർക്കമോ, തടസ്സമോ ഉണ്ടെങ്കിൽ ഇന്നുമുതൽ 10 പത്ത് ദിവസത്തിനുള്ളിൽ രേഖാമൂലം അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

ഫോൺനമ്പർ 9747759232
കുന്നംകുളം രുഗ്മിണി
03.07.2024

BEFORE THE HON'BLE HIGH COURT OF KERALA AT ERANAKULAM

M.J.C. No: 142 of 2023
IN
M.A.C.A. No: 2388 of 2008
(O.P (M.V) 926/2005 of Motor Accidents Claims Tribunal Ottapalam)

Appellants
1. Karumbayi @ Selvi, 2. Devanarayan, 3. Karthikeyan
Widow and children of Kamalakannan @ Kuttan all residing at Chunambukalavaim Theruvu, Pettavaithala P.O., Sreerangam Taluk, Trichy. 639112
Vs
1st Respondent
Basheer S/o Kunhimoidu, Chungath House, Nattukal P.O., Palakkad. 678554

NOTICE

The above case stands posted for hearing to 22.07.2024 you are directed to appear in person or through your advocate on the said date before this court, otherwise the case will be heard and decided in your absence.

Dated this the 15th day of June 2024.
Philip T. Varghese,
Counsel for appellants

CITY UNION BANK LIMITED

CUB TRUST AND EXCELLENCE SINCE 1904

ക്രെഡിറ്റ് റിക്കവറി & മാനേജ്മെന്റ് ഡിപ്പാർട്ടുമെന്റ്
അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് : നം. 24–ബി, ഗാന്ധി നഗർ
കുംഭകോണം–612001. ഇ–മെയിൽ : crmd@cityunionbank.in
Ph. 0435-2432322, Fax: 0435-2431746

സർഫേസി റൂൾ 2002 പ്രകാരമുള്ള റീ- ടെൻഡർ-കം-ലേല വിൽപന നോട്ടീസ്

2002–ാം ആണ്ടിലെ സെക്യൂരിറ്റി ഇന്റെറസ്റ്റ്(എൻഫോഴ്സ്മെന്റ്)റൂൾ 8(6) & 9, 2002–ാം ആണ്ടിലെ സർഫേസി ആക്ട് എന്നിവ പ്രകാരം അധികാരപ്പെട്ട ഓഫീസർ പുറപ്പെടുവിക്കുന്ന ഞങ്ങളുടെ ബാങ്കിന് ഈടുവച്ചിരിക്കുന്ന സ്ഥാവര ജംഗമ വസ്തുവിന്റെ റീ-ടെൻഡർ-കം-ലേലവിൽപന നോട്ടീസ്. താഴെപ്പറയുന്ന ബാധ്യതക്കാരുടെ കുടിശിക തുകയായ രൂപ 8,05,11,651/- (രൂപ എട്ടു കോടി അഞ്ചു ലക്ഷത്തി പതിനൊരായിരത്തി അറുനൂറ്റി അൻപത്തിയൊന്നു രൂപ മാത്രം) 11–06–2024 വരെയും 12–06–2024 മുതൽ അതിന്മേലുള്ള തുടർപലിശയും മറ്റു ചിലവുകളും കുടിശികകളും ഈടാക്കുന്നതിലേക്കായി പുനർലേല-കംവിൽപന വ്യവസ്ഥയിൽ വിൽപന നടത്തുന്നതാണ്. വായ്പക്കാരായ/ജാമ്യക്കാരായ നം.1) എം./എസ്. ടെക്ബെറി ഡിസ്ട്രിബ്യൂട്ടേഴ്സ്, ഫോർച്ച്യൂൺ ടവർ, പുത്തോൾ റോഡ്, തൃശൂർ –680004. നം.2) ശ്രീമതി സ്വപ്ന അമേഴ്സൺ, എ.അമേഴ്സൺ ഭാര്യ, മണ്ണുമ്പൽ വീട്, അഞ്ചേരി പോസ്റ്റ്, തൃശൂർ – 680006. ഒപ്പം ശ്രീമതി സ്വപ്ന അമേഴ്സൺ, എ.അമേഴ്സൺ ഭാര്യ, പാണേങ്ങാടൻ വീട്, മാനിടം റോഡ്, പുറനാട്ടുകര പോസ്റ്റ്, തൃശൂർ – 680551. നം.3) എ.അമേഴ്സൺ, ആന്റണി മകൻ, മണ്ണുമ്പൽ വീട്, അഞ്ചേരി പോസ്റ്റ്, തൃശൂർ – 680006. ഒപ്പം, എ.അമേഴ്സൺ, ആന്റണി മകൻ, പാണേങ്ങാടൻ വീട്, മാനിടം റോഡ്, പുറനാട്ടുകര പോസ്റ്റ്, തൃശൂർ – 680551. നം.4) നോവോ കംപ്യൂട്ടേഴ്സ്, സിറ്റിസ്കായർ, പൊറ്റമ്മേൽ, കോഴിക്കോട്–673016, നം.5) എ.കുമാരൻ, അയ്യപ്പൻ മകൻ, പാമ്പുങ്ങൽ വീട്, പുറനാട്ടുകര പോസ്റ്റ്, തൃശൂർ – 680551. നം.6) കെ.വി.ബൈജുലാൽ, വാസുദേവൻ മകൻ, ക